**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3810** **27-06-2024 - ൽ മറുപടിയ്ക്ക്**

**ഒറ്റപ്പാലം മണ്ഡലത്തിലെ മുന്നൂർക്കോട് ഹൈസ്കൂൾ ഗ്രൗണ്ട് നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | 2024-25 വർഷത്തെ ബഡ്ജറ്റിൽ 20% തുക വകയിരുത്തിയിട്ടുള്ള ഒറ്റപ്പാലം മണ്ഡലത്തിലെ മുന്നൂർക്കോട് ഹൈസ്കൂൾ ഗ്രൗണ്ട് നവീകരണം എന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റും ഡി.പി.ആർ- ഉം തയ്യാറാക്കി ഭരണാനുമതിക്കായി ധനകാര്യ വകുപ്പിന് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേക്ക് സമർപ്പിക്കും; വിശദവിവരങ്ങൾ ലഭ്യമാക്കുമോ? | (എ) | ഇല്ല.<br><br>2024-25 സാമ്പത്തിക വർഷത്തെ വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റിലെ അനുബന്ധം - II ൽ ക്രമ നം.1097 ആയി ഒറ്റപ്പാലം മണ്ഡലത്തിലെ മുന്നൂർക്കോട് ഹൈസ്കൂൾ ഗ്രൗണ്ട് നവീകരണത്തിനായി 100 ലക്ഷം രൂപ അടങ്കൽ തുക കണക്കാക്കിയും 20% തുക തനത് വർഷത്തെ ബഡ്ജറ്റ് വിഹിതമായും വകയിരുത്തിയിട്ടുണ്ട്. ടി പ്രവൃത്തിയുടെ നിർമ്മാണത്തിന് മുന്നോടിയായി സ്പോർട്സ് കേരള ഫൗണ്ടേഷൻ ഉദ്യോഗസ്ഥർ 30.05.2024 തീയതിയിൽ എം.എൽ.എയുടെ പ്രതിനിധിയുമായി പ്രസ്തുത സ്ഥലം സന്ദർശിക്കുകയും മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ വിശദമായ എസ്റ്റിമേറ്റും, ഡി.പി.ആറും തയ്യാറാക്കി ഭരണാനുമതിക്കായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ